# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.478** **9/02/2016-ൽ മറുപടിക്ക്**

## ജലവൈദ്യുത പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ<br>,, പി.കെ.ബഷീർ<br>,,കെ.മുഹമ്മദുണ്ണി ഹാജി<br>പി.ഉബൈദുള്ള | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) | വൈദ്യുതോല്പാദന വർദ്ധനവ് ലക്ഷ്യമിട്ട്, ജലവൈദ്യുതപദ്ധതികൾ ആരംഭിക്കുന്ന കാര്യത്തിൽ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) 63.6 MW-ന്റെ 6 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം കഴിഞ്ഞ 5 വർഷത്തിനുള്ളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിൽ ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമെ 219 MW-ന്റെ 18 ജലവൈദ്യുത പദ്ധതികൾക്ക് ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 47.5 MW-ന്റെ 6 പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്.<br>ഇതുകൂടാതെ അതിരപ്പള്ളി പദ്ധതി (163 MW) പ്രതിബന്ധങ്ങൾ നീക്കി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ സ്വകാര്യ മേഖലയിൽ BOOT അടിസ്ഥാനത്തിൽ 23 ചെറുകിട ജലസേചന പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. തുടർന്നും സ്വകാര്യ പങ്കാളിത്തത്തോടെ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്ന നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ലോഡ് ഷെഡിംഗ്, പവർകട്ട് എന്നിവ ഒഴിവാക്കുന്ന കാര്യത്തിൽ എത്രത്തോളം നേട്ടം കൈവരിക്കാനായി എന്ന് വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്ത്, ഈ സാമ്പത്തിക വർഷത്തിൽ, ലോഡ് ഷെഡ്ഡിങ്ങോ, പവർകട്ടോ ഏർപ്പെടുത്തിയിട്ടില്ല. കൂടാതെ സംസ്ഥാനത്തെ നിലവിലുള്ള ഊർജ്ജ ലഭ്യത കണക്കിലെടുക്കുമ്പോൾ ഈ സാമ്പത്തിക |

(...2)

വർഷത്തിലെ വരും നാളുകളിൽ പവർകട്ടോ, ലോഡ്ഷെഡിങ്ങോ ഏർപ്പെടുത്തേണ്ടതായ സാഹചര്യം ഉണ്ടാകുമെന്ന് കരുതുന്നില്ല.

(സി) പുതിയ ഊർജ്ജ പദ്ധതികൾക്കായി നീക്കിവെച്ച തുകയുടെ വിനിയോഗം സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ?

(സി) പുതിയ ഊർജ്ജ പദ്ധതിക്കായി സർക്കാർ 2013-14 ബഡ്ജറ്റിൽ കഞ്ചിക്കോട് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 5 കോടി രൂപ വകയിരുത്തുകയും പ്രസ്തുത തുക ലഭ്യമായതിനാൽ മുഴുവൻ തുകയും ചെലവാക്കുകയും ചെയ്യുകയുണ്ടായി.

കെ.എസ്.ഇ.ബി സ്വന്തം ഫണ്ടിൽ നിന്നും വായ്പ മുഖാന്തിരവും വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുവാനായി 2011-16 കാലയളവിൽ ബഡ്ജറ്റിൽ വകയിരുത്തിയതും ചെലവാക്കിയതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ബഡ്ജറ്റ് | ചെലവ് |
|---|---|---|
| 2011-12 | 383.67 | 159.83 |
| 2012-13 | 274.27 | 256.71 |
| 2013-14 | 256.48 | 414.56 |
| 2014-15 | 338.85 | 293.87 |
| 2015-16 (ഡിസംബർ 15 വരെ) | 383.30 | 111.58 |

സെക്ഷൻ ഓഫീസർ